"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പാർക്കിങ് നിരക്കുകൾ - കേരള പഞ്ചായത്ത് (ലാന്റിംഗ് പ്ലേസസ്, ഹാൾട്ടിംഗ് പ്ലേസസ്, കാർട്ട് സ്റ്റാൻഡുകളും മറ്റ് വാഹന സ്റ്റാൻഡുകളും) ചട്ടങ്ങൾ, **1995** ലെ ചട്ടം **9** പ്രകാരം നിലവിലുള്ള പാർക്കിങ് നിരക്കുകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.**114/2026/LSGD** തീയതി,തിരുവനന്തപുരം, **19-08-2026**

---

പരാമർശം:-

1. ബഹു: കേരള ഹൈക്കോടതി സ്വമേധയാ സ്വീകരിച്ച **SSCR No. 22/2025** കേസ്.
2. WP(C) No. 43837/2025 കേസിലെ ബഹു: കേരള ഹൈക്കോടതിയുടെ 06/07/2026 തീയതിയിലെ ഇടക്കാല ഉത്തരവ്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **31.07.2026** തീയ്യതിയിലെ **LSGD/PD/4434/2026 -AR5** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് എരുമേലി ഇടത്താവളത്തിൽ ഭക്തരിൽ നിന്നും അമിത പാർക്കിങ് ഫീസ് ഈടാക്കുന്നത് തടയുന്നതുമായി ബന്ധപ്പെട്ട് **WP(C) No. 43837/2025** കേസിലും, അനുബന്ധ കേസുകളിലുമായി *'കേരള പഞ്ചായത്ത് രാജ് ( ലാന്റിംഗ് പ്ലേസസ്, ഹാൾട്ടിംഗ് പ്ലേസസ്, കാർട്ട് സ്റ്റാൻഡുകൾ മറ്റ് വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ, **1995*** -ലെ ചട്ടം **9** പ്രകാരം നിലവിലുള്ള പാർക്കിങ് നിരക്കുകൾ നിലവിലെ സാഹചര്യത്തിൽ അപ്രായോഗികമാണെന്ന് ബഹു: കേരള ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി.

**2.** പ്രസ്തുത പാർക്കിങ് നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് പരാമർശം **(1)**, **(2)** പ്രകാരമുള്ള കേസുകളിലെ വിവിധ ഉത്തരവുകളിലൂടെ

ബഹു. ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം സംസ്ഥാനത്തുടനീളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഏകീകൃതവും കാലോചിതവുമായ പാർക്കിങ് ഫീസ് നിരക്കുകൾ ഉൾപ്പെടുത്തിയ പ്രോപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ചു. ആയതിലെ ശിപാർശകൾ ചുവടെ ചേർക്കുന്നു:-

***ചട്ടം 9 ഉപചട്ടം (1) ന് പകരം ചുവടെപ്പറയുന്ന ചട്ടം ചേർക്കാവുന്നതാണ്***

***ഫീസിന്റെ നിരക്കുകൾ.-*** *(1) താഴെപ്പറയുന്നതിൽ കൂടുതലല്ലാത്ത നിരക്കിൽ പൊതു വിരാമസ്ഥലമോ വണ്ടിത്താവളമോ ഉപയോഗിക്കുന്നതിന് ഫീസ് ചുമത്തേണ്ടതാണ്, അതായത്,-*

| ***ക്ര. നം*** | ***ഇനം*** | ***ഒരു സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടില്ലായെങ്കിൽ 24 മണിക്കൂറിലധികമാകാത്ത സമയത്തേക്ക് ചുമത്താവുന്ന ഫീസ് (രൂപയിൽ) - കുറഞ്ഞ നിരക്ക്*** | ***ഒരു സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടില്ലായെങ്കിൽ 24 മണിക്കൂറിലധികമാകാത്ത സമയത്തേക്ക് ചുമത്താവുന്ന ഫീസ് (രൂപയിൽ) - കൂടിയ നിരക്ക്*** | ***അധിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 24 മണിക്കൂറിലധികമാകാത്ത സമയത്തേക്ക് ചുമത്താവുന്ന ഫീസ് (രൂപയിൽ) - കുറഞ്ഞ നിരക്ക്*** | ***അധിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 24 മണിക്കൂറിലധികമാകാത്ത സമയത്തേക്ക് ചുമത്താവുന്ന ഫീസ് (രൂപയിൽ) - കൂടിയ നിരക്ക്*** |
|---|---|---|---|---|---|
| ***1*** | *ഇരു ചക്ര വാഹനങ്ങൾ* | ***10*** | ***20*** | ***15*** | ***30*** |
| ***2*** | *ഓട്ടോറിക്ഷ* | ***15*** | ***30*** | ***40*** | ***80*** |
| ***3*** | *കാറുകൾ* | ***20*** | ***40*** | ***40*** | ***80*** |
| ***4*** | *മിനിബസ്, ടെമ്പോ, ട്രക്കർ, മിനി ലോറി എന്നീ വാഹനങ്ങൾ ഓരോന്നിനും* | ***40*** | ***80*** | ***80*** | ***160*** |

| | | | | | |
|---|---|---|---|---|---|
| *5* | *ബസ്, ലോറി (10 ടൺ വരെ ഭാരമുള്ളത്) എന്നിവയ്ക്ക് ഓരോന്നിനും* | *60* | *120* | *120* | *240* |
| *6* | *10 ടണ്ണിന് മുകളിൽ ഭാരമുള്ള ലോറി* | *100* | *200* | *200* | *300* |

***കുറിപ്പ് 1:- ഏർപ്പെടുത്തേണ്ട ഏറ്റവും കുറഞ്ഞ സൗകര്യങ്ങൾ, യാത്രക്കാർക്കും വാഹനങ്ങൾക്കുമുള്ള താവളവും, കുടിവെള്ള സൗകര്യങ്ങളും മൂത്രപ്പുരയും ആയിരിക്കേണ്ടതാണ്.***

***അധിക സൗകര്യങ്ങൾ :*** *ചട്ടങ്ങളിലെ ഉയർന്ന സ്ലാബിലുള്ള ഫീസ് ഈടാക്കുന്നതിനായി, താഴെ പറയുന്ന സാങ്കേതികവിദ്യകളും സേവനങ്ങളും കൂടി അടങ്ങിയ സംവിധാനങ്ങളെയാണ് "അധിക സൗകര്യങ്ങൾ" എന്നതിൽ പെടുത്തി* ***കുറിപ്പ്: 2-*** *ആയി ഉൾപ്പെടുത്താവുന്നതാണ്:*

***i. മോഷണം, കേടുപാടുകൾ എന്നിവ തടയുന്നതിനായി വീഡിയോ റെക്കോർഡിംഗോടു കൂടിയ 24/7 സി.സി.ടി.വി നിരീക്ഷണം.***

***ii. ആർ.എഫ്.ഐ.ഡി (RFID) ടാഗുകൾ, ഓട്ടോമേറ്റഡ് ബൂം ബാരിയറുകൾ, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ (ANPR) ക്യാമറകൾ, ഡിജിറ്റൽ പാസ് കോഡുകൾ എന്നിവ ഉപയോഗിച്ചുള്ള ഗേറ്റഡ് എൻട്രി.***

***iii. ഇലക്ട്രിക് വാഹനങ്ങൾക്കായി ലെവൽ-2 അല്ലെങ്കിൽ ലെവൽ-3 (DC Fast) ഫാസ്റ്റ് ചാർജിംഗ് പോയിന്റുകൾ.***

***iv. ഒഴിവുള്ള പാർക്കിംഗ് സ്ലോട്ടുകൾ തത്സമയം കാണിക്കുന്ന ഡിജിറ്റൽ***

*ബോർഡുകളും, ഇൻഡിവിജ്വൽ ലൈറ്റുകളും.*

*v. പാർക്കിംഗ് സ്ഥലങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനും, നാവിഗേഷനും, ഡിജിറ്റൽ പണമിടപാടുകൾക്കും (UPI, Cards, FASTag) ഉള്ള മൊബൈൽ ആപ്പ് സംവിധാനം.*

*vi. സ്ഥലം പരമാവധി പ്രയോജനപ്പെടുത്തുന്ന റോബോട്ടിക് ലിഫ്റ്റുകളും ഹൈഡ്രോളിക് സ്റ്റാക്കറുകളും ഉപയോഗിച്ചുള്ള ഓട്ടോമേറ്റഡ്/മെക്കാനിക്കൽ പാർക്കിംഗ്.*

*vii. ഭിന്നശേഷിക്കാർ (PwD), ഗർഭിണികൾ/ചെറിയ കുട്ടികളുള്ള അമ്മമാർ, ഇരുചക്ര വാഹനങ്ങൾ എന്നിവർക്കായി പ്രത്യേകം നീക്കിവെച്ച പാർക്കിംഗ് സ്ലോട്ടുകൾ.*

*viii. ഡ്രൈവർമാർക്ക് ബുദ്ധിമുട്ടില്ലാതെ വാഹനം നൽകാൻ വാലെറ്റ് സേവനവും, വലിയ പാർക്കിംഗ് കേന്ദ്രങ്ങളിൽ നിന്നുള്ള ഷട്ടിൽ ബസ് സർവീസുകളും.*

*ix. വെയിൽ, യു.വി (UV) രശ്മികൾ, മഴ എന്നിവയിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള കവേർഡ് കാർപോർട്ടുകൾ, അണ്ടർഗ്രൗണ്ട് ബേസ്മെന്റ് പാർക്കിംഗ് അല്ലെങ്കിൽ ക്ലൈമറ്റ് കൺട്രോൾഡ് ഇൻഡോർ പാർക്കിംഗ് സംവിധാനം.*

*(2) പൊതുവായ വിരാമസ്ഥലങ്ങളിൽ അല്ലെങ്കിൽ ഇറക്കു സ്ഥലങ്ങളിൽ ഒരു പ്രാവശ്യത്തെ വിരാമത്തിന്, താഴെ പറയുന്ന ഏറ്റവും കുറവും കൂടുതലുമായ നിരക്കിന് വിധേയമായി ഫീസ് ചുമത്തേണ്ടതാകുന്നു. അതായത്:-*

| ക്ര. നം | ഇനം | കുറഞ്ഞ നിരക്ക് (രൂപയിൽ) | കൂടിയ നിരക്ക് (രൂപയിൽ) |
|---|---|---|---|
| | മോട്ടോർ ബോട്ട് അല്ലെങ്കിൽ സ്റ്റീംലാഞ്ച് | | |

| | | | |
|---|---|---|---|
| *1* | | *30* | *60* |
| *2* | *സ്റ്റീം അല്ലെങ്കിൽ മോട്ടോർ ടഗ്* | *40* | *100* |
| *3* | *ക്യാംപിൽ ബോട്ട്* | *10* | *20* |
| *4* | *ഒരു ടണ്ണോ അതിൽ കുറവോ ശേഷിയുള്ള വള്ളങ്ങൾ* | *10* | *20* |
| *5* | *ഒരു ടണ്ണിൽ കൂടുതലും 5 ടൺ വരെയും ശേഷിയുള്ള വള്ളങ്ങൾ* | *20* | *30* |
| *6* | *5 ടണ്ണിൽ കൂടുതലും 10 ടൺവരെയും ശേഷിയുള്ള വള്ളങ്ങൾ* | *40* | *60* |
| *7* | *10 ടണ്ണിനു മുകളിൽ ശേഷിയുള്ള വള്ളങ്ങൾ* | *80* | *120* |
| *8* | *20 ടൺ വരെയുള്ള തടികളും വിറകുകളും* | *80* | *120* |
| *9* | *20 ടണ്ണിനു മുകളിലുള്ള തടികൾക്കും വിറകുകൾക്കുമുള്ള അധികം ടണ്ണിനും* | *10* | *20* |

***വിശദീകരണം.-*** *'ഒറ്റ വിരാമം' എന്നാൽ ഒരുപ്രാവശ്യത്തെ കയറ്റിറക്കിന് വേണ്ടി നിറുത്തുന്ന സ്ഥലത്തെ വിരാമം എന്നർത്ഥമാകുന്നു.*

*(3) പൊതുവായ ഇറക്കു സ്ഥലങ്ങളിൽ അനുവദിച്ചിട്ടുള്ള സ്ഥലത്ത് സാധനങ്ങൾ സൂക്ഷിക്കുന്നതിന് ചുമത്താവുന്ന ഫീസ് ഇപ്രകാരമാണ്:-*

| ***ക്ര. നം*** | ***ഇനം*** | ***ഫീസ് (രൂപയിൽ)*** |
|---|---|---|
| *1* | *100 ചതുരശ്ര അടി സ്ഥലത്ത് ഒരു ദിവസത്തേക്ക് സാധനങ്ങൾ സൂക്ഷിക്കുന്നതിന്* | *50* |
| *2* | *ഒരു ദിവസത്തേക്ക്:*<br>*(എ) ഒറ്റ മുറി വാടക*<br>*(ബി) ഇരട്ടമുറി വാടക* | <br>*250*<br>*400* |
| *3* | *പൊതുവായ ഇറക്കു സ്ഥലത്ത് ഒരു ദിവസത്തേക്ക് സ്റ്റേ ചെയ്യുന്നതിന്* | *50* |

***വിശദീകരണം.-*** *'സ്റ്റേ' എന്നാൽ ഒരു സമയത്ത് കയറ്റാനോ ഇറക്കാനോ യഥാർത്ഥത്തിൽ ആവശ്യമായ സമയത്തിൽ കൂടുതലായ സമയം വള്ളമോ ബോട്ടോ തങ്ങുന്നു എന്നർത്ഥമാകുന്നു.*

*9-ാം ചട്ടത്തിൽ 3-ാം ഉപചട്ടത്തിന് ശേഷം ചുവടെ പറയുന്ന ഉപചട്ടം*

*(4) ചേർക്കാവുന്നതാണ് :-*

*"ചട്ടം 9(1) പ്രകാരം നിശ്ചയിക്കപ്പെട്ട ഫീസ് നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധിക്ക് വിധേയമായി ഓരോ ഇനം വാഹനത്തിനും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ചുമത്തപ്പെടേണ്ട ഫീസ് നിരക്കുകൾ പൂർണ്ണ സംഖ്യയിൽ കുറിപ്പ് 2 ൽ പരാമർശിച്ചിട്ടുള്ള അധികസൗകര്യങ്ങൾ കൂടി കണക്കിലെടുത്തതിനുശേഷം ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കേണ്ടതാണ്."*

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു: കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങളും സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏകീകൃതവും കാലോചിതവുമായ പാർക്കിങ് ഫീസ് നിരക്കുകൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും പരിഗണിച്ച്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച ശിപാർശ തത്വത്തിൽ അംഗീകരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് കേരള പഞ്ചായത്ത് (ലാന്റിങ് പ്ലേസസ്, ഹാൾട്ടിങ് പ്ലേസസ്, കാർട്ട് സ്റ്റാൻഡുകളും മറ്റ് വാഹന സ്റ്റാൻഡുകളും) ചട്ടങ്ങൾ, 1995 ലെ ചട്ടം 9 -ൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

4) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലും ഏകീകൃതവും കാലോചിതവുമായ പാർക്കിങ് ഫീസ് നിരക്കുകൾ ഏർപ്പെടുത്തുന്നതിനാവശ്യമായ ചട്ട ഭേദഗതികൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്:

1) അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് മുഖേന)

2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ), (ഓഡിറ്റ്), തിരുവനന്തപുരം

4) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

5) ഡയറക്ടർ, വിവരം പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആൻഡ് ന്യൂ മീഡിയ), തിരുവനന്തപുരം

6) തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് **( ചട്ടം ഭേദഗതി ചെയ്യുന്നതിനായി)**

7) സ്റ്റോക്ക് ഫയൽ **(LSGD-RC1/273/2026-LSGD)**

ഉത്തരവിൻ പ്രകാരം
Digitally signed by
Deepu B K
Date: 19-08-2026
15:31:26
സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA

Local Self Government (RC) Department

No.RC1/273/2026-LSGD 19-08-2026,Thiruvananthapuram

From

The Secretary to Government

To

The Advocate General

Kerala

Sir,

Sub: WP(C) No. 43837/2025 of the Hon'ble High Court of Kerala - Reg

Ref: 1) Orders of the Hon'ble High Court in WP(C) No. 43837/2025.

2) SSCR No. 22/2025 of the Hon'ble High Court.

3) Government Order G.O.(Ms) No.114/2026/LSGD dated 18/08/2026 of the Local Self Government Department.

I am to forward herewith a copy of the Government Order cited as reference (3), by which Government has given in-principle approval to the proposal of the Principal Director, Local Self Government Department, for revision of parking fees under the Kerala Panchayat (Landing Places, Halting Places, Cart Stands, and Other Vehicle Stands) Rules, 1995. The matter may be brought to the notice of the Hon'ble High Court of Kerala when the case comes up for hearing.

Yours Faithfully,
SHANAVAS S I A S
SPECIAL SECRETARY
For Secretary to Government.

Approved for Issue,

Section Officer.